പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1181 04.12.2014-ൽ മറുപടിക്ക്.

**മിഷൻ 676-ഉം പൊതുവിദ്യാഭ്യാസ വകുപ്പും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്; അവ ഓരോന്നിനും എന്തു തുക വീതം നീക്കിവെച്ചിട്ടുണ്ട്.; ബഡ്ജറ്റ് വിഹിതത്തിന് പുറമെയാണോ ഇത്; | (എ) ആദിവാസി മേഖലയിൽ അവശേഷിക്കുന്ന നിരക്ഷരത പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ആദിവാസി സാക്ഷരത-**50 ലക്ഷം രൂപ** അവശേഷിക്കുന്ന നിരക്ഷരരെക്കൂടി സാക്ഷരരാക്കുന്നതിനുള്ള അക്ഷര ലക്ഷം രണ്ടാം ഘട്ടം- **125 ലക്ഷം രൂപ** കുട്ടികളുടെ ഭാവി ജീവിതം സുരക്ഷിതമാക്കുവാനും അവരുടെ കഴിവുകളെ കണ്ടെത്തി ശരിയായ രീതിയിൽ മുന്നേറുന്നതിന് സഹായിക്കുവാനുള്ള ആശ്വാസ് **-500 ലക്ഷം രൂപ** കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള അതുല്യം രണ്ടാം ഘട്ടം **-100 ലക്ഷം രൂപ** ജി.വി.രാജ സ്പോർട്ട്സ് സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക - **550 ലക്ഷം രൂപ** ഐ.റ്റി സ്കൂൾ പ്രൊജക്റ്റിലെ 14 |

ജില്ലാ റിസോഴ്സ് കേന്ദ്രങ്ങളെ ഇന്ററാക്ടീവ് ഡിസ്റ്റൻസ് ഇ ലേണിംഗ് സെന്ററാക്കി മാറ്റുക **-240 ലക്ഷം രൂപ** പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിൽ എത്തിക്കുന്നതിന് വേണ്ടി വിദഗ്ധ പരിശീലന കേന്ദ്രങ്ങൾ ഉൾപ്പെടുത്തിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക-1500 ലക്ഷം രൂപ എന്നിവയാണ്. മിഷൻ676 പ്രകാരം പൊതുവിദ്യാഭ്യാസ രംഗത്ത് ആസൂത്രണം ചെയതിട്ടുള്ളത്.

| | | | |
|---|---|---|---|
| (ബി) | എല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; പണി പൂർത്തീകരിച്ച എന്തെങ്കിലും പദ്ധതിയുണ്ടോ; ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമാണ് ? | (ബി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ